# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 696(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 6864/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
തീയതി: 2021 ഒക്ടോബർ 8

ശ്രീ. പി. ബഷീർ,
പുന്നക്കടയിൽ,
കണിയാപുരം,
തിരുവനന്തപുരം - 695 301
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് ഓഫീസ്,
കണിയാപുരം പി.ഒ., തിരുവനന്തപുരം.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | | |
|---|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 08/03/2021 | |
| മറുപടി ലഭ്യമാക്കിയ തീയതി | 22/03/2021 | |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 28/03/2021 | |
| മറുപടി ലഭ്യമാക്കിയ തീയതി | 16/06/2021 | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 27/06/2021 | |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/06/2021 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2021 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 28/07/2021 | |
| ഹിയറിംഗ് നടന്ന തീയതി | 7/10/2021 | വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ: | ഹാജരായി | |
| എസ്.പി.ഐ.ഒ. | ഹാജരായി | |

## ഉത്തരവ്

ശ്രീ. പി.ബഷീർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 8.3.2021 തീയതി അണ്ടൂർക്കോണം പഞ്ചായത്തിലെ

എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്നും യഥാസമയം സത്യസന്ധമായ വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 8.3.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 5.1.2021 തീയതി 78–ാം നമ്പർ ഇൻവേർഡ് ആയി സമർപ്പിച്ച നിവേദനത്തിൻമേൽ എടുത്ത തീരുമാനത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 22.03.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് ആഫീസിൽ ഹർജിക്കാരൻ 5.1.2021-ൽ 78-ാം നമ്പർ ഇൻവേഡായി സമർപ്പിച്ച അപേക്ഷയിൻമേൽ ഹർജിക്കാരന് അയച്ച കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു എന്നാണ്.

3. മേൽപ്പടി മറുപടി തൃപ്തികരമല്ലാ എന്നാരോപിച്ച് അപ്പീൽ ഹർജിക്കാരൻ, അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 22.3.2021 ലെ ബി5–2714/2021 നമ്പരായി മറുപടി നൽകിയിട്ടുള്ളതാണെന്നും 4.1.2021 തീയതി രേഖപ്പെടുത്തി നൽകിയ അപേക്ഷയിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് എട്ടാമത് ചട്ടപ്രകാരം ഹർജിക്കാരൻ പഞ്ചായത്ത് യോഗങ്ങളിൽ സന്ദർശാനുമതി നൽകണമെന്നായിരുന്നു എന്നും ആയതിന് 1.2.2021–ൽ ബി5–78/21 നമ്പരായി എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ 8.3.2021–ലെ അപേക്ഷയ്ക്കും എസ്.പിഐ.ഒ. 22.3.2021–ലെ ബി5–2714/21 നമ്പരായും മറുപടി നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. പി. ബഷീർ വിവരാവകാശ നിയമപ്രകാരം 8.3.2021 തീയതി രേഖപ്പെടുത്തി നൽകിയ അപേക്ഷയിൽ, ടിയാൻ 5.1.2021 –ലെ ഇൻവേർഡ് 78/21 നമ്പരായി സമർപ്പിച്ച നിവേദനത്തിൽ എടുത്ത തീരുമാനത്തിന്റെയും ഉത്തരവിന്റെയും പകർപ്പാണ് ആവശ്യപ്പെട്ടിരുന്നതെന്നും ആയതിന് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല എന്നാണ് അപ്പീലിൽ പരാമർശിച്ചിട്ടുള്ളതെന്നും ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ഗ്രാമപഞ്ചായത്തിൽ നൽകിയ അപേക്ഷയ്ക്ക് 22.3.2021 ലെ ബി5–2714 നമ്പാരയി മറുപടി നൽകിയിരുന്നു എന്നും ടിയാൻ 4.1.2021 തീയതി രേഖപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ നൽകിയ അപേക്ഷയിൽ 1994–ലെ കേരള

പഞ്ചായത്ത് രാജ് ആക്ട് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) എട്ടാമത് ചട്ട പ്രകാരം ടിയാന് പഞ്ചായത്ത് യോഗങ്ങളിൽ സന്ദർശാനുമതി നൽകണമെന്നായിരുന്നു എന്നും ആയതിന് 1.2.2021–ൽ ബി5–78/21 നമ്പരായി എസ്.പി.ഐ.ഒ. മറുപടി നൽകിയിരുന്നു എന്നും കൂടാതെ ടിയാൻ 8.3.2021–ൽ നൽകിയ അപേക്ഷയ്ക്ക് 22.3.2021 തീയതി എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 08.03.2021–ലെ വിവരാവകാശ അപേക്ഷയ്ക്ക് 22.3.2021–ലും 28.3.2021-ലെ ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് 16.6.2021–ലും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ഉന്നയിച്ച ആക്ഷേപം ഹർജിക്കാരന് തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് നൽകിയതെന്നും ടിയാന്റെ 4.1.2021–ലെ അപേക്ഷ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് മുമ്പാകെ സമർപ്പിച്ചതായോ നിരസിച്ചതായോ യാതൊരു സൂചനയും മറുപടിയിൽ നൽകിയില്ലെന്നുമാണ്. വിവരാവകാശ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത് പൗരന്മാർ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബന്ധപ്പെട്ട പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ്. ആയതിനാൽ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട, ഫയലിൽ ലഭ്യമായ വിവരം ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം സൗജന്യമായി ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഒക്ടോബർ 8–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത,
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

യു.എസ്